**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2647** **13-12-2022 - ൽ മറുപടിയ്ക്ക്**

**വിലക്കയറ്റ ഭീഷണി അതിജീവിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. വിൻസെന്റ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | വിലക്കയറ്റ ഭീഷണി അതിജീവിക്കുന്നതിനായി നടപ്പ സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ; എങ്കിൽ എത്രയാണ് വകയിരുത്തിയതെന്നും നാളിതുവരെ ഇതിൽ എത്ര തുക ഏതൊക്കെ ഇനത്തിൽ റിലീസ് ചെയ്തു നൽകിയെന്നും വ്യക്തമാക്കുമോ? | (എ) | വിലക്കയറ്റ ഭീഷണി അതിജീവിക്കുന്നതിനായി നടപ്പ സാമ്പത്തിക വർഷത്തെ ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്.<br><br>വിലക്കയറ്റം നിയന്ത്രിക്കുന്നതിനുള്ള വിപണി ഇടപെടൽ പ്രവർത്തനങ്ങൾ നടത്തുന്നതിന് സപ്ലൈകോയ്ക്ക് നടപ്പ് സാമ്പത്തിക വർഷം 2408-01-102-99-33 എന്ന ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതമായി 180 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ ഓണക്കാലത്ത് സംസ്ഥാനത്തെ എല്ലാ റേഷൻ കാർഡ് ഉടമകൾക്കും സൗജന്യ ഭക്ഷ്യ ധാന്യ കിറ്റ് വിതരണം ചെയ്യുന്നതുൾപ്പെടെയുള്ള ചെലവുകൾ വഹിക്കുന്നതിന് 220 കോടി രൂപ അധിക ധനാനുമതിയായും അനുവദിച്ചിരുന്നു.<br><br>നടപ്പ സാമ്പത്തിക വർഷം പൊതു വിതരണ ശൃംഖല വഴിയുള്ള റേഷൻ വിതരണത്തിനായി 2408-01-101-94 എന്ന ശീർഷകത്തിൽ 1084.90 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ആയതിൽ റേഷൻ സാധനങ്ങളുടെ വില ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ, സപ്ലൈകോ എന്നീ സ്ഥാപനങ്ങൾക്ക് അനുവദിക്കുന്നതിന് 369.57 കോടി രൂപയും റേഷൻ വ്യാപാരികളുടെ കമ്മീഷൻ നൽകുന്നതിനായി 230.9 കോടി രൂപയും റേഷൻ സാധനങ്ങളുടെ വാതിൽപ്പടി വിതരണത്തിനുള്ള ഗതാഗത കൈകാര്യ ചെലവുകൾക്ക് 84.87 കോടി രൂപയും ഉൾപ്പടെ ആകെ 685.34 കോടി രൂപ നവംബർ 2022 വരെ വിനിയോഗിച്ചിട്ടുണ്ട്.<br><br>ഉത്സവ കാലങ്ങളിൽ ഉണ്ടാകുന്ന ക്രമാതീതമായ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് വേണ്ടി സർക്കാർ സബ്സിഡിയോടു കൂടി സഹകരണ വകുപ്പിന്റെ കീഴിൽ കൺസ്യൂമർ ഫെഡറേഷന്റെ നേതൃത്വത്തിൽ പ്രാഥമിക സഹകരണ സംഘങ്ങളെ ഏകോപിപ്പിച്ച് 13 ഇനം |

| | | | |
|---|---|---|---|
| | | | നിത്യോപയോഗ സാധനങ്ങൾ നിയന്ത്രിത അളവിൽ സബ്സിഡിയോടു കൂടി താൽക്കാലികമായി സഹകരണ വിപണികൾ ആരംഭിച്ച് വിൽപന നടത്തി വരുന്നുണ്ട്. ആയതിലേക്ക് നടപ്പു സാമ്പത്തിക വർഷത്തിൽ '2425-00-108-80-00-33-0-N-V' എന്ന ശീർഷകത്തിൽ 75 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. 29.08.2022 മുതൽ 07.09.2022 വരെ സംസ്ഥാനത്ത് 1685 താല്ക്കാലിക വിപണികളിലൂടെ സംഘടിപ്പിച്ച സഹകരണ ഓണം വിപണിക്കായി 16 കോടി രൂപ പ്രസ്തുത തുകയിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്.<br><br>ഇതിനു പുറമെ ഉപഭോക്തൃ ഉൽപ്പന്നങ്ങൾ, മരുന്നുകൾ, സ്റ്റേഷനറി വസ്തുക്കൾ എന്നിവ കുറഞ്ഞ നിരക്കിൽ ഉപഭോക്താക്കൾക്ക് നൽകുന്നതിനും സ്വകാര്യ ചൂഷണത്തിൽ നിന്നും അവരെ സംരക്ഷിക്കുന്നതിനും ഉപഭോക്തൃ സഹകരണ സംഘങ്ങൾക്കും നീതി സ്റ്റോറുകൾക്കുമായി 230.00 ലക്ഷം രൂപ 2022-23 സാമ്പത്തിക വർഷം സഹകരണ വകുപ്പിന്റെ വാർഷിക പദ്ധതിയിൽ വകയിരുത്തിയിട്ടുണ്ട്. ആയതിൽ 55.9 ലക്ഷം രൂപ നാളിതു വരെ വിനിയോഗിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ